പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3276** **29. 01. 2014** - ലെ മറുപടി

<u>ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ടവർക്കുള്ള തൊഴിൽ ദാന പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ടവരിൽ എത്ര പേർക്ക് സർക്കാർ പുനരധിവാസ പദ്ധതി പ്രകാരം തൊഴിൽ നൽകി എന്നത് വ്യക്തമാക്കാമോ ? | ഗൾഫിൽ നിന്ന് തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 2013 ജൂലൈ 15 വരെ അപേക്ഷ സമർപ്പിച്ച അപേക്ഷകരിൽ ആദ്യത്തെ 1000 അപേക്ഷകരിൽ നിന്നും ടാക്സി സർവ്വീസിന് അപേക്ഷ സമർപ്പിച്ചിരുന്ന 148 പേരെ നാലു സ്ഥലങ്ങളിലായി ക്ഷണിച്ചു വരുത്തി അവരുടെ അപേക്ഷ പരിശോധിച്ച് 73 പേരെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുണ്ട്. ഉദ്പാദന മേഖലയിൽ അപേക്ഷ സമർപ്പിച്ചവർക്കായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പുകൾ ചേർന്ന് ബോധവൽക്കരണ/പരിശീലന പരിപാടികൾ എല്ലാ ജില്ലകളിലും താലൂക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു വരികയാണ്. ഇതിലൂടെ പദ്ധതി ആരംഭിക്കുന്നതിന് പ്രാപ്തിയും താല്പര്യവും ഉള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് വ്യവസായ വകുപ്പ് ആവശ്യമായി വരുന്ന കൈതാങ്ങ് നൽകുന്നതുമാണ്. കാർഷിക വ്യവസായിക മേഖലയിൽ താല്പര്യമുള്ളവരെ കണ്ടെത്തുന്നതിനും പരിശീലന പരിപാടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സേവന മേഖലക്കും ചെറുകിട കച്ചവടം എന്നിവയ്ക്കും ബാങ്ക് മുഖാന്തിരം വായ്പ ലഭ്യമാക്കുന്നതിന് ചർച്ചകൾ നടന്നു വരികയാണ്. ഇതിനു പുറമേ, നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് സൗദി അറേബ്യയിൽ നിന്നും തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. അതിൻ പ്രകാരമുള്ള വിശദമായ പദ്ധതികൾ തയ്യാറായിവരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ